**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ ***341** — 25.06.2018-ൽ മറുപടിക്ക്

## ഗോത്ര വർഗ്ഗക്കാർക്ക് വനാവകാശ നിയമപ്രകാരം ഭൂമി ലഭ്യമാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ. ബി.സത്യൻ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. കെ.ജെ. മാക്സി** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെയും ഇഷ്ടമുള്ള ഭൂമി വാങ്ങാൻ ധനസഹായം നൽകുന്ന പദ്ധതിയുടെയും പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി ഗ്രാമപ്രദേശത്ത് 5 സെന്റും നഗരപ്രദേശത്ത് 3 സെന്റും ഭൂമി ഭൂരഹിത പുനരധിവാസപദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങുന്നതിന് ധനസഹായം നൽകി വരുന്നുണ്ട്. ഈ സർക്കാർ വന്ന ശേഷം രണ്ടുവർഷം കൊണ്ട് 9065 കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചു.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>പട്ടികവർഗ്ഗക്കാരുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഭൂമി വാങ്ങി നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം ആകെ 865 പേർക്ക് 351.62 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലെ പോരായ്മകൾ നികത്തി അർഹതയുള്ള എല്ലാ പേർക്കും ഭൂമി ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ഭൂമി വാങ്ങി നൽകുന്നതിനായിട്ടുള്ള പുതിയ പദ്ധതി 03.03.2018-ലെ സ.ഉ.(എം.എസ്) നം.21/2018/പജപവവിവ പ്രകാരം നിലവിൽ വന്നു. ടി ഉത്തരവിലെ മാനദണ്ഡങ്ങളും നടപടികളും അനുസരിച്ചാണ് 2018-19 മുതൽ ഭൂമി അനുവദിക്കുന്നത്.<br>ആദിവാസി മേഖലകളോട് ചേർന്നുള്ള വാസ-കൃഷി യോഗ്യമായ സ്ഥലം പർച്ചേസ് കമ്മിറ്റി നിശ്ചയിക്കുന്ന വിലയ്ക്ക് |

| | | | |
|---|---|---|---|
| | | | ഭൂ ഉടമകളിൽ നിന്ന് ജില്ലാ മിഷൻ ഭൂമി വാങ്ങി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തി അർഹരായവർക്ക് മാനദണ്ഡങ്ങൾ പ്രകാരം വിതരണം ചെയ്യുന്നു. വിവിധ ജില്ലകളിലായി 507 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br>രണ്ട് പദ്ധതികളുടെയും പുരോഗതി വകുപ്പുതലത്തിൽ വിലയിരുത്തുകയും പദ്ധതി നിർവ്വഹണത്തിന്റെ സമ്പൂർണ്ണ വിജയത്തിനായി ആവശ്യമായ തുടർ നിർദ്ദേശങ്ങളും നൽകാറുണ്ട്. |
| (ബി) | പട്ടിക ഗോത്ര വർഗ്ഗക്കാർക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കാനും വനാവകാശ നിയമപ്രകാരം ഭൂമി ലഭ്യമാക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (ബി) | **<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>വനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ 598 വനാവകാശ കമ്മിറ്റികൾ മുഖേന നാളിതുവരെയായി 25,327 അപേക്ഷകർക്ക് 34029.88 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 9903 അപേക്ഷകളിന്മേൽ കൈവശരേഖ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | പട്ടികജാതി പട്ടികഗോത്ര വർഗ്ഗ ആവാസ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (സി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>പട്ടികജാതി ആവാസ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു സങ്കേതത്തിൽ 1 കോടി രൂപയുടെ വികസന പദ്ധതികൾ ഏറ്റെടുത്ത് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി, അംബേദ്കർ ഗ്രാമ വികസന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കോർപ്പസ് ഫണ്ട് ഉപയോഗിച്ചും അത്യാവശ്യമായ അടിസ്ഥാന സൗകര്യ വികസന പരിപാടികൾ നടത്തുന്നുണ്ട്.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിനായി ഒരു സങ്കേതത്തിന് ഒരു കോടി രൂപ എന്ന ക്രമത്തിൽ 2017-18 ൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br>2017-18 വർഷം തെരഞ്ഞെടുത്തിട്ടുള്ള |

| | | | |
|---|---|---|---|
| | | | 101 സങ്കേതങ്ങളിൽ ഡി.പി.ആർ ലഭ്യമായ 76-ൽ 34 സങ്കേതങ്ങൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ഇതിനകം നൽകിയിട്ടുണ്ട്. |
| (ഡി) | പട്ടികജാതി പട്ടികഗോത്ര വർഗ്ഗ പ്രത്യേക പദ്ധതികളുടെ സാമൂഹിക പരിശോധന (സോഷ്യൽ ഓഡിറ്റ്) ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുമോ? | (ഡി) | ഇക്കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ